**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4509** **19-03-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ ഉന്നതികളിലേയ്ക്കുള്ള റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ ഉന്നതികളിലേയ്ക്കുള്ള റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഏതെല്ലാം പ്രൊപ്പോസലുകളാണ് വകുപ്പിന്റെ പരിഗണനയിൽ ഉള്ളതെന്നും അവയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും തരംതിരിച്ച് അറിയിക്കുമോ? | (എ) | അരുവിക്കര നിയോജകമണ്ഡലത്തിലെ അരുവിക്കരക്കോണം അറവൻകോണം റോഡ് കോൺക്രീറ്റിംഗ് പുനരുദ്ധാരണം പദ്ധതിയുടെ 21,50,000/-രൂപയുടെ പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പിൽ ലഭ്യമായിട്ടുണ്ട്. 2023-24 വർഷം തെരഞ്ഞെടുത്ത പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ജില്ലാതല കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ അതിനുശേഷം മുൻഗണന ക്രമം അനുസരിച്ച് പ്രസ്തുത പ്രൊപ്പോസൽ ജില്ലാതല കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>അരുവിക്കര നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ ഉന്നതികളിലേയ്ക്കുള്ള റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ